# കെസിസിപി ലിമിറ്റഡിന് പച്ചത്തേങ്ങ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ

KCCP/EMPANEL/QTN/ 234 /2026-27 30.04.2026

1. മൂപ്പെത്തിയ പച്ചത്തേങ്ങ (9 മാസം പ്രായമായത്) പൊതിച്ച് വെള്ളത്തോട് കൂടി നൽകേണ്ടതാണ്.

2. ശരാശരി 400 – 500g തൂക്കം വരുന്ന പൊതിച്ച തേങ്ങകളാകണം വിതരണം ചെയ്യേണ്ടത്. മൂപ്പെത്താത്തതും നിർദ്ദിഷ്ട തൂക്കത്തിൽ കുറവുള്ളതും കേടുപാടുകൾ ഉള്ളതുമായ പച്ചത്തേങ്ങ കമ്പനി സ്വീകരിക്കുന്നതല്ല. ഗുണനിലവാരം ഉറപ്പാക്കാൻ കമ്പനിയുടെ സംഭരണ കേന്ദ്രത്തിൽ (കണ്ണപുരം) യുക്തമായ തരംതിരിവ് നടത്തുന്നതാണ്.

3. ഈ വിജ്ഞാപന പ്രകാരം പ്രതിദിനം 4000 തേങ്ങ എന്ന കണക്കിൽ ഒരു മാസം അവധി ദിവസങ്ങൾ ഒഴികെ തുടർച്ചയായി വിതരണം ചെയ്യാൻ തയ്യാറായിരിക്കണം. ഇതു പ്രകാരം അംഗീകരിക്കുന്ന നിരക്ക് 1 മാസം വിതരണം ചെയ്യുന്ന മുഴുവൻ തേങ്ങകൾക്കും ബാധകമായിരിക്കണം

4. പച്ചത്തേങ്ങ സംഭരണത്തിന് തടസ്സം നേരിടാത്ത വിധത്തിൽ ആവശ്യമായ തൊഴിലാളികളെ ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി ജോലി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

5. കരാറുകാരന്റെ ഉത്തരവാദിത്വക്കുറവ് കൊണ്ട് സംഭരണത്തിൽ കമ്പനിക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരന്റെ വീഴ്ചയായി കണ്ട് അതിനുള്ള നഷ്ട പരിഹാരം കരാറുകാരന്റെ പക്കൽ നിന്നും കമ്പനി ഈടാക്കുന്നതായിരിക്കും

6. തരംതിരിവിന്റെ ഭാഗമായി തിരസ്കരിക്കുന്ന തേങ്ങകൾ അറിയിപ്പ് കിട്ടിയ ഉടൻ തന്നെ സംഭരണ കേന്ദ്രത്തിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്.

7. തൂക്കത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തേങ്ങകൾക്ക് വില നൽകുന്നത്.

8. വിതരണം ചെയ്യുന്ന തേങ്ങകളുടെ അടിസ്ഥാനത്തിൽ ഓരോ ആഴ്ചയിലും സമർപ്പിക്കുന്ന ബില്ലുകൾ പ്രകാരമായിരിക്കും തേങ്ങയുടെ വില നൽകുന്നത്. ബാധകമായ കേസുകളിൽ ബിൽ തുകയിൽ നിന്ന് നിയമാനുസൃതമായ TDS/GST TDS കുറവ് വരുന്നതും ത്രൈ മാസ അടിസ്ഥാനത്തിൽ ഫോം 16 നൽകുന്നതുമായിരിക്കും.

9. കരാറുകാരൻ സമർപ്പിക്കുന്ന ഓരോ ബില്ലിൽ നിന്നും 5 % തുക കമ്പനി നിലനിർത്തൽ തുകയായി പിടിച്ചുവെക്കുന്നതാണ്. കരാർ അവസാനിക്കുന്ന മുറയ്ക്ക്, കരാറുകാരിൽ നിന്നും കമ്പനിക്ക് ലഭിക്കേണ്ടതായ/ ഈടാക്കേണ്ടതായ തുക ഉണ്ടെങ്കിൽ അത് കിഴിച്ച് ബാക്കി തുക തിരികേ നൽകുന്നതായിരിക്കും.

10. കമ്പനിക്ക് പ്രതിദിനം ആവശ്യമായ തേങ്ങകളുടെ എണ്ണം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന രണ്ടോ മൂന്നോ വിതരണക്കാർക്ക് വിഭജിച്ച് നൽകാൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അത് പ്രകാരം 1:1:1 എന്ന തോതിൽ പ്രതിദിന സപ്ലൈക്കുള്ള ഓർഡർ നൽകുന്നത് L2, L3 എന്നിവർ L1 നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്.

11. ടെണ്ടർ കരസ്ഥമാക്കുന്ന ഏജൻസി നിർബന്ധമായും കമ്പനിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

**ക്വട്ടേഷൻ തുക രേഖപ്പെടുത്തി നൽകുന്നതിനുള്ള ഫോറം അടക്കം ചെയ്യുന്നു.**

നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ EMD 25,000/- രൂപയോടൊപ്പവും (അതാത് ഏജൻസി/സപ്ലൈയറുടെ പേരിലായിരിക്കണം EMD സമർപ്പിക്കേണ്ടത് ), 14.05.2026 ഉച്ചയ്ക്ക് 2.30-ന് മുമ്പായി " മാനേജിംഗ് ഡയറക്ടർ , കെസിസിപിഎൽ, ക്ലേ ഹൗസ്, പാപ്പിനിശ്ശേരി, കണ്ണൂർ - 670561 " എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. (Quotation opening date and time - 14.05.2026, 4.00 PM).

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ നിരുപാധികം നിരസിക്കുന്നതിനോ ഉള്ള അവകാശം കെസിസിപിഎല്ലിൽ മാത്രം നിക്ഷിപ്തമായിരിക്കും.

**മാനേജിങ് ഡയരക്ടർ**

# <u>ക്വട്ടേഷൻ</u>

**Reference No: KCCP/EMPANEL/QTN/ /2026-27 Dated 30.04.2026**

| | | |
|---|---|---|
| 1. | സ്ഥാപനം/സപ്ലൈയർ പേര് | |
| 2. | വിലാസം | |
| 3. | ഫോൺ നമ്പർ | |
| 4. | പ്രതിദിനം വിതരണം ചെയ്യാവുന്ന തേങ്ങകളുടെ എണ്ണം | |
| 5. | കമ്പനിയുടെ കണ്ണപുരം യൂണിറ്റിൽ വിതരണം ചെയ്യുന്നതിനുള്ള നിരക്ക് രൂപ/ക്വിന്റൽ | |

ഒപ്പ്:

പേര്:

(സീൽ)

സ്ഥലം:

തീയ്യതി: